**കേരള സർക്കാർ**

സംഗ്രഹം

ശമ്പള പരിഷ്കരണം 2014 - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്- ശമ്പളവും അലവൻസുകളും പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (അനോമലി റെക്ടിഫിക്കേഷൻ സെൽ) വകുപ്പ്**

സ.ഉ(കൈ) നം.200/2018/(102)/ധന    തീയതി, തിരുവനന്തപുരം, 11.06.2018

---

പരാമർശം :1.03/08/2011 ലെ സ.ഉ(കൈ) നം.328/2011/(6)/ധന
2.12.02.2013 ലെ സ.ഉ(കൈ) നം.73/2013/(131)/ധന
3.18.07.2014 ലെ സ.ഉ(കൈ) നം.84/2014/തൊഴിൽ
4.20.01.2016 ലെ സ.ഉ(അച്ചടി) നം.07/2016/ധന
5.22.10.2016 ലെ സ.ഉ(കൈ) നം.415/2016/(28)/ധന
6.19.01.2017 ലെ സ.ഉ(കൈ) നം.30/2017/(38)/ധന
7.ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 01/11/2017 ലെ ബി2-24303/2016/ഡി.ഐ.എം.എസ് നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ അലോപ്പതി വിഭാഗം മെഡിക്കൽ ഓഫീസർമാർക്ക് പരാമർശം 1 ലെ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്ന കോമൺ സ്പെഷ്യൽ അലവൻസ് കൂടി ഉൾപ്പെടുത്തി പരാമർശം 2 ലെ ഉത്തരവ് പ്രകാരം അതാത് ശമ്പള സ്കെയിലുകളിൽ ഹയർ സ്റ്റാർട്ട് അനുവദിച്ചിരുന്നു. പരാമർശം 4 ലെ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പളവും അലവൻസുകളും പരിഷ്കരിച്ച് ഉത്തരവായിരുന്നെങ്കിലും മുൻപുണ്ടായിരുന്ന ഹയർ സ്റ്റാർട്ടും ചില അലവൻസുകളും നിർത്തലാക്കിയിരുന്നു. എന്നാൽ ഒൻപതാം ശമ്പള പരിഷ്കരണത്തിൽ അനുവദിച്ചിരുന്നതും പത്താം ശമ്പള പരിഷ്കരണത്തിൽ നിർത്തലാക്കിയതുമായ ഹയർ സ്റ്റാർട്ട് ആരോഗ്യ വകുപ്പിലെ മെഡിക്കൽ ഓഫീസർമാർക്ക് പരാമർശം 5 ലെ ഉത്തരവ് പ്രകാരം പുന:സ്ഥാപിച്ച നൽകിയിരുന്നു. ആരോഗ്യ വകുപ്പിൽ

ഹയർ സ്റ്റാർട്ട് പുന:സ്ഥാപിക്കുവാൻ ഇടയാക്കിയ സാഹചര്യങ്ങൾ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലും നിലനിൽക്കുന്നുവെന്ന് ചൂണ്ടിക്കാട്ടി ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ മെഡിക്കൽ ഓഫീസർമാർക്കും പ്രസ്തുത ഹയർ സ്റ്റാർട്ടിന്റെ ആനുകൂല്യം നൽകണമെന്ന് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ പരാമർശം 7 ലെ കത്ത് പ്രകാരം ശുപാർശ ചെയ്തിരിക്കുന്നു. ആരോഗ്യ വകുപ്പിലെ മെഡിക്കൽ ഓഫീസർമാർക്ക് പരാമർശം 6 ലെ ഉത്തരവ് പ്രകാരം, സ്ഥാനക്കയറ്റം/സമയ ബന്ധിത ഹയർ ഗ്രേഡ് ലഭിക്കുന്ന അവസരത്തിൽ അനുവദിച്ച പേഴ്സണൽ പേ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ മെഡിക്കൽ ഓഫീസർമാർക്കും അനുവദിക്കണമെന്നും ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നു. കൂടാതെ റൂറൽ ഏരിയ അലവൻസ്, ഡിഫിക്കൾട്ട് റൂറൽ ഏരിയ അലവൻസ്, ഇ.എസ്.ഐ അലവൻസ്, പി.ജി.ഡിഗ്രി/ഡിപ്ലോമ അലവൻസ്, ചാർജ് അലവൻസ് എന്നിവ പുന:സ്ഥാപിക്കണമെന്നും ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ മെഡിക്കൽ ഓഫീസർമാർക്ക് ചുവടെപ്പറയുന്ന ആനുകൂല്യങ്ങൾ പുന:സ്ഥാപിച്ച നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു:

(i) അലോപ്പതി വിഭാഗത്തിലെ മെഡിക്കൽ ഓഫീസർമാർക്ക് താഴെപ്പറയും പ്രകാരം ഹയർ സ്റ്റാർട്ട് അനുവദിക്കുന്നു:

a. ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ - 68700-110400 രൂപ ശമ്പള സ്കെയിലിൽ 75,600/- രൂപ.

b. ജോയിന്റ് ഡയറക്ടർ/റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ - 85,000- 1,17,600 രൂപ ശമ്പള സ്കെയിലിൽ 93,000/- രൂപ

c. ഡയറക്ടർ- 89,000-1,20,000 രൂപ ശമ്പള സ്കെയിലിൽ 97,000/- രൂപ.

(ii) പേഴ്സണൽ പേ

01.07.2014 ന് ശേഷം ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ, ജോയിന്റ് ഡയറക്ടർ/ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളിൽ സ്ഥാനക്കയറ്റം ലഭിച്ചതോ ഒന്നും രണ്ടും സമയ ബന്ധിത ഹയർഗ്രേഡ് ലഭിച്ചതോ ആയ യഥാക്രമം അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ, ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ എന്നീ തസ്തികയിലുള്ളവർക്ക് പ്രൊമോഷൻ/സമയ ബന്ധിത ഹയർഗ്രേഡ് ലഭിച്ചതിനെ തുടർന്ന് ശമ്പളം നിർണ്ണയിച്ച

സ്റ്റേജിന് തൊട്ട് മുകളിലുള്ള ഒരു ഇൻക്രിമെന്റിന് തുല്യമായ നിരക്കിൽ പേഴ്സണൽ പേ അനുവദിക്കുന്നു. എന്നാൽ ശമ്പളവും പേഴ്സണൽ പേയും ചേർന്ന തുക യഥാക്രമം 77,400/- രൂപ, 97000/- രൂപ എന്നിവയിൽ അധികരിക്കരുത്. പെൻഷൻ, ഡി.എ, ലീവ് സാലറി, ട്രാൻസിറ്റ് പേ, ശമ്പള നിർണ്ണയം, ശമ്പള പരിഷ്കരണം, ഉന്നത പഠനത്തിനായുള്ള ഡെപ്യൂട്ടേഷൻ എന്നിവയ്ക്ക് പ്രസ്തുത പേഴ്സണൽ പേ പരിഗണിക്കുന്നതാണ് .

(iii) ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ മെഡിക്കൽ ഓഫീസർമാർക്ക് താഴെപ്പറയുന്ന പ്രകാരം റൂറൽ ഏരിയ അലവൻസും ഡിഫിക്കൾട്ട് റൂറൽ ഏരിയ അലവൻസും അനുവദിക്കുന്നു.

| കാറ്റഗറി | റൂറൽ ഏരിയ അലവൻസ് | ഡിഫിക്കൾട്ട് റൂറൽ ഏരിയ അലവൻസ് |
|---|---|---|
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | 4500 | 5500 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദ) | 3000 | 4500 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3000 | 4500 |

(iv) ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ(അലോപ്പതി) തസ്തികയ്ക്ക് 700/- രൂപ ഇ.എസ്.ഐ അലവൻസ് അനുവദിക്കുന്നു.

(v) പി.ജി ഡിഗ്രി/ഡിപ്ലോമയുള്ള അലോപ്പതി വിഭാഗം മെഡിക്കൽ ഓഫീസർക്ക് യഥാക്രമം 1000 രൂപയും 800 രൂപയും പ്രതിമാസം പിജി ഡിഗ്രി/ഡിപ്ലോമ അലവൻസായി അനുവദിക്കുന്നു.

(vi) ഒരു സ്ഥാപനത്തിന്റെ ചുമതല വഹിക്കുന്ന അലോപ്പതി വിഭാഗം മെഡിക്കൽ ഓഫീസർക്ക് പ്രതിമാസം 500/-രൂപ ചാർജ്ജ് അലവൻസ് അനുവദിക്കുന്നു.

3. പ്രാബല്യം:

(I) ഹയർ സ്റ്റാർട്ടിന് 01.07.2014 മുതലും ആയതിന്റെ സാമ്പത്തിക ആനുകൂല്യം 01.06.2018 മുതലും ആയിരിക്കും.

(ii) പേഴ്സണൽ പേയ്ക്ക് 01.06.2018 മുതൽ സാമ്പത്തിക ആനുകൂല്യം ഉണ്ടായിരിക്കും.

(iii) അലവൻസുകൾ 01.06.2018 മുതൽ നൽകും.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ജി. അശോക് കുമാർ**
ജോയിന്റ് സെക്രട്ടറി(ധനകാര്യം)

പകർപ്പ് :

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ജി&എസ്സ്.എസ്സ്.എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ഇ&ആർ.എസ്സ്.എ) കേരള, തിരുവനന്തപുരം
ഗവർണ്ണറുടെ സെക്രട്ടറി
മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
ഗവൺമെന്റ് സെക്രട്ടറിമാർ, സ്പെഷ്യൽ സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ, ഡെപ്യൂട്ടി സെക്രട്ടറിമാർ, അണ്ടർ സെക്രട്ടറിമാർ
ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ്, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
തൊഴിലും നൈപുണ്യവും(എഫ്) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
വെബ് ആന്റ് ന്യൂ മീഡിയ, വിവരവും പൊതുജന സമ്പർക്കവും വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇ-676425)

ഉത്തരവിൻ പ്രകാരം

Nirmichan

സെക്ഷൻ ഓഫീസർ